മിസ്റ്റർ സി. വി. ഇയ്യു: സാധാരണയായി അധ്യക്ഷതർ ധാരാളം താമസിച്ചു വരാറുള്ള ദേശത്തു നിന്നും ഒന്നര നാഴിക അകലെ പോയി താമസിക്കണമെന്നു പറഞ്ഞാൽ അതു് അവർക്കു് ഒരു ബുദ്ധിമുട്ടായിട്ടു വരുന്നതുകൊണ്ടു് അവിടെ താമസക്കാർ ഉണ്ടാകയില്ലെന്നു ഗവണ്മെൻറിനറിയാമൊ?

ഡാക്ടർ എ. ആർ. മേനോൻ: തല്ക്കാലം ഒരു സ്ഥലം കിട്ടാഞ്ഞതുകൊണ്ടു് ഒരു സ്ഥലം കിട്ടുന്നതുവരെയും അവിടെപോയി താമസിച്ചുകൊള്ളാൻ പറഞ്ഞു എന്നേയുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു: അവിടെ ഒരു സ്ഥലം അകപയർചെയ്താൽകൊള്ളാം. അവിടെ ഒരു സ്ഥലമുണ്ടു്. കുറെകഴിഞ്ഞാൽ ആ സ്ഥലത്തിന്നു വിലകൂടുതൽ കൊടുക്കേണ്ടിവരും. അതുകൊണ്ടു് ആ സ്ഥലം ഇപ്പോൾതന്നെ അകപയർചെയ്താൽ കൊള്ളാം.

Dr. A. R. Menon (*Minister for Rural Development*): The matter will be looked into.

മിസ്റ്റർ കെ. പി. വള്ളോൻ: കടവല്ലൂർനിന്നു് ഷൺമുഖപുരം കോളനിക്കു് എത്ര അകലം ഉണ്ടു്?

ഡാക്ടർ എ. ആർ. മേനോൻ: ഒന്നരമൈൽ ഉണ്ടെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: പുതിയ കോളനികൾ തുറക്കുന്നതിന്നുമുമ്പു് പഴയ കോളനികളെ അതിനെ നല്ലനിലയിലല്ലെങ്കിൽ, നല്ല നിലയിലാക്കാൻ ശ്രമിക്കുമൊ?

ഡാക്ടർ എ. ആർ. മേനോൻ: പുതിയപുരകൾ പണിയുവാൻ പാടില്ലെന്നു ഞാൻ ഓർഡർ അയച്ചിട്ടുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: ഈ പുതിയസ്ഥലത്തു് സ്ഥലംമാത്രം കൊടുത്താൽമതി. പുര പണിതു കൊടുക്കണ്ട.

ഡാക്ടർ എ. ആർ. മേനോൻ: അതു് നോക്കാം.

POLYGAMOUS MARRIAGE AMONG NAMBUDIRIS AT CHALAKKUDI.

217. മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാടു്: താഴെ പറയുന്ന സംഗതികൾക്കു് ഗവണ്മെണ്ടിൽനിന്നും ഭയവുചെയ്തു് മറുപടി പറയാമോ:—

(ക) ചാലക്കുടി പട്ടത്തോൾ മനയ്ക്കലെ ഒരു വല്ലൻ ഒരു ചെറുബാലികയെ അധിവേദനമായി വിവാഹം ചെയ്യാൻ പോകുന്നുവെന്നും ആ നരബലിയെ തടയണമെന്നും കാണിച്ചു് നമ്പൂതിരി യോഗക്ഷേമ സഭയിൽനിന്നും അയച്ചിട്ടുള്ളതായ ഒരു ഹർജി ഗവണ്മെണ്ടിലേക്കു് കിട്ടീട്ടുണ്ടോ;

(ഖ) ഉണ്ടെങ്കിൽ ആ ഹർജിയെക്കുറിച്ചു് എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ഗ) ഇല്ലാ എങ്കിൽ അതിനു് കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻ നായർ: (ഛ) ഉവ്വ്.

(ഫ) ഇല്ല.

(ന) ഗവമ്മെണ്ടിന് ഈ കാര്യത്തിൽ അന്വേഷണം നടത്തണമെന്ന് തോന്നാത്തതുകൊണ്ട്.

HUZUR SECRETARIAT—ARAYA (VALA) EMPLOYEES IN.

218. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് ദയവായി ഉത്തരം പറയുമോ:—

(*a*) ഹുജൂർ സിക്രട്ടേറിയറ്റിൽ അരയ (വാല) ന്മാരിൽ നിന്നും വല്ല ഉദ്യോഗസ്ഥന്മാരും ഉണ്ടോ;

(*b*) ഉണ്ടെങ്കിൽ എത്ര പേർ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ: (*a*) ഉണ്ട്.

(*b*) ഒന്ന്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഒരാൾ ഉണ്ടെന്നു പറയുന്നതു് ആരാണെന്നു പറയുവാൻ ഗവമ്മെൻറിന് ദയവുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: വി. രാമൻ എന്നാണ് അയാളുടെ പേരു്.

മിസ്റ്റർ സി. കെ. എസ്സ്. മണി. അയാളുടെ ഗ്രേഡ് എന്താണ്?

മിസ്റ്റർ കെ. പി. കണ്ണൻ നായർ: ഫ ഠ—ന ഠ ആണെന്നാണ് തോന്നുന്നതു്.

GAZETTE SUPPLIED TO PANCHAYATS—REDUCTION IN SIZE.

219. Mr. P. K. Madhava Menon (*Narakkal*): Will the Government be pleased to state:—

(*a*) whether the reduction in the size of Gazettes supplied to Panchayats was made with a view to effect economy;

(*b*) if so, what is the actual annual saving made;

(*c*) whether the Government are aware that the Gazettes supplied to the Panchayats were also useful to the inhabitants of rural parts, as anybody who wanted to have a reference to the Gazettes could go to the Panchayat office and satisfy his requirements;

(*d*) whether in view of this additional usefulness of the Gazettes kept in the Panchayat office, the Government will be pleased to revert to the old practice of sending complete copies of the Gazettes?

LIBRARY ARCHIVES Kerala Legislative Assembly